നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1415/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 05.07.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇലകമൺ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇലകമൺ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -

സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)- ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1415/2017
തീയതി:05.07.2017

## തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 19.09.2016മുതൽ 12.06.2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 24നൽകിയതിൽ 23എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.എ.ജമാലുദ്ദീൻ,

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 12.06.17 മുതൽ 19.06.17 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.മുഹമ്മദ് സലിം. എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ലേഖ. എം.എൽ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അരുൺ ദേവ്. വി.ആർ. | ഓഡിറ്റർ |
| ശ്രീമതി. അന്നലക്ഷ്മി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി. വി.സുമംഗല, 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീമതി. ഉഷ. എസ്. 01.04.2016 മുതൽ 30.5.2016 വരെ<br>ശ്രീ.വി.എൻ.സജി, അസി.സെക്രട്ടറി (ചാർജ്)<br>31.05.2016 മുതൽ 24.07.2016വരെ<br>ശ്രീ.സജീന്ദ്ര ബാബു , 25.07.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. ശ്രുതി സിംഗ് | 01.04.2016 മുതൽ 30.09.2016 വരെ |
| | ശ്രീ.ജിജു | 01.10.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ<br>ആഫീസർ (PHC) | ഡോ.അമിത് | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| | | |
| മെഡിക്കൽആഫീസർ (ആയുർവ്വേദം) | ഡോ.റൂബി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽആഫീസർ (ഹോമിയോ) | ഡോ.തൃശ്ശല | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സൈജു | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി.എൻ.സജി | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർ വൈസർ | ശ്രീമതി.അനീസാറാണി | 01.04.2016 മുതൽ 02.09.2016 വരെ |
| | ശ്രീമതി.സൗമ്യ | 03.09.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ.(1-സർക്കിൾ) | ശ്രീ. രതീഷ് ഭദ്രൻ | 01.04.2016 മുതൽ 28.07.2016 വരെ |
| | ശ്രീ. അജു അലക്സ് | 29.07.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ.(2-സർക്കിൾ) | ശ്രീ. ബിജു. ജി. | 01.04.2016 മുതൽ 07.11.2016 വരെ |

| | | |
|---|---|---|
| | ശ്രീ.ആദർശ് മോഹൻ | 08.11.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.സജി.കെ.വി | 01.04.2016 മുതൽ 24.07.2016 വരെ |
| | ശ്രീമതി.പ്രേമവല്ലി | 25.07.2016 മുതൽ 31.03.2017 വരെ |
| എച്ച്.എം. | ശ്രീ. സജീവ് ദത്ത് | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജയശ്രീ | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബഡ്ജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |

| | | | |
|---|---|---|---|
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 1 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-1 | |
| 2 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം. | 2-2 | |
| 3 | തൊഴിൽ/സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 2-3 | |
| 4 | മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തുന്നില്ല | 2-4 | |
| | ഭാഗം 3 | | |
| 1 | നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ മാർഗരേഖ നിർദേശം പാലിക്കുന്നില്ല. | 3-1 | |
| 2 | പാണിൽ കോളനി യുവജന വിജ്ഞാന വിനോദ കേന്ദ്രം - ഷെഡ് പൊളിച്ച് മാറ്റിയ ജി.ഐ ഷീറ്റ്,പ്പൈപ്പ് എന്നിവയുടെ വില ഈടാക്കിയിട്ടില്ല | 3-2 | |

| | | | |
|---|---|---|---|
| 3 | കൺവീനറിൽനിന്നും പിഴ ഈടാക്കിയിട്ടില്ല | 3-3 | |
| 4 | പൊതുമരാത്ത് പ്രവൃത്തികൾ -ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിച്ചിട്ടില്ല. | 3-4 | |
| 5 | അസി. സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി അപാകതകൾ | 3-5 | |
| 6 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-രേഖകൾ ഹാജരാക്കിയിട്ടില്ല | 3-6 | |
| 7 | ലാപ്പ്ടോപ്പ് വിതരണം ചെയ്യാതെ അവശേഷിക്കുന്നു. | 3-7 | |
| 8 | മരുന്ന് വാങ്ങൽ പദ്ധതി -ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല. | 3-8 | |
| 9 | *പാലിയേറ്റീവ് പരിചരണം പദ്ധതി- അപാകതകൾ* | 3-9 | |
| 10 | വി.ഇ.ഒ യുടെ അക്കൗണ്ടിൽ അധികമായി അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്. | 3-10 | |
| 11 | ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം | 3-11 | |
| 12 | പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല | 3- 12 | |
| 13 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-13 | |
| | ഭാഗം-4 | | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ ബജറ്റ് 16.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. നിയമസഭ ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ 2015-16 ലെ ബഡ്ജറ്റ് ഭേദഗതി കൂടാതെ അംഗീകരിച്ച് 2016-17 ലെ ബഡ്ജറ്റ് പാസ്സാക്കുന്നതു വരെ ചെലവഴിക്കാൻ തീരുമാനിച്ചു. ശേഷം 23.07.2016 ൽ വിശദമായ ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടിണ്ട്. പ്രസ്തുത ബഡ്ജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 14,64,62,181/- രൂപ വരവും 14,21,85,077/- രൂപ ചെലവും 42,77,104/- രൂപ നീക്കിയിരിപ്പുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരമുള്ള വരവ് മുന്നിരിപ്പുൾപ്പെടെ 5,56,34,557.43/- രൂപയും ചെലവ് 4,54,05,944/- രൂപയും നീക്കിയിരിപ്പ് 1,02,28,613.43രൂപയുമാണ്. ബഡ്ജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ബഡ്ജറ്റ് തയ്യാറാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 15.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | | - |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6325138.43 |
| വരവ് | 49309424.00 |
| ആകെ | 55634562.43 |
| ചെലവ് | 45405949.00 |
| നീക്കിയിരിപ്പ് | 10228613.43 |

## 1-5 ഫണ്ട് വിനിയോഗം

| | OB | R | T | Exp | Bal |
|---|---|---|---|---|---|
| VPFA II (a) | 0 | 11339581 | 11339581 | 11339581 | 0 |
| II(b) | 0 | 7741629 | 7741629 | 7741629 | 0 |
| II (c) | 0 | 10086 | 10086 | 10086 | 0 |
| CFC | 0 | 4078016 | 4078016 | 4078016 | 0 |
| KLGSDP | 0 | 834917 | 834917 | 834917 | 0 |
| Non road | 0 | 2822394 | 2822394 | 2822394 | 0 |
| Road | 0 | 3884619 | 3884619 | 3884619 | 0 |

| | | | | | |
|---|---|---|---|---|---|
| MGNREGS | 14219 | 817232 | 831451 | 830747 | 704.00 |
| B-Fund | 0 | 817412 (46666850 DBT) | 817412 (46666850 DBT) | 817412 (46666850 DBT) | 0 |
| Relief Fund (ayiroor village SCB) | 13284 | 0 | 13284 | 5000 | 8284.00 |
| VPF (IOB) | 1658235.43 | 6551116 | 8209351.43 | 4914345 | 3295006.43 |
| Treasury SB | 4573550 | 10412422 (2232034 + 8180388) | 14985972 | 8143217 | 6842755.00 |

*General Purpose ഫണ്ട് (8180388 )TSB അക്കൗണ്ടിൽ നിക്ഷേപിച്ചു.

*തനത് ഫണ്ട് ആകെ വരവ് - 8783150/- ഇതിൽ 65,51,116/-രൂപ ഐ.ഒ.ബി. തനത്ഫണ്ട് അക്കൗണ്ടിലും ബാക്കി 22,32,034/- രൂപ ട്രഷറി അക്കൗണ്ടിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ 81,80,388/- രൂപയ്ക്കൊപ്പം വരവ് വച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 122 | | 115 | | | 7 | |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി

പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. വാർഷിക പദ്ധതിയുടെ തുകയിൽ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്റ്റുകളായി പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. ആശ്രയ ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36.54 ശതമാനം കുറവ് സംഭവിച്ചിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 31,12,289 | 40,88,111 | 9,75,822 | +31.35 |
| നികുതിയേതര വരവുകൾ | 6,95,048 | 8,84,831 | 1,89,783 | |
| മറ്റുവരവുകൾ | 74,38,426 | 81,80,388 | 7,41,962 | |
| ആകെ | 11245763 | 13153330 | 1907567 | |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. വസ്തു നികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 352320 | 410 |
| കർഷകതൊഴിലാളി പെൻഷൻ | 1601580 | 173 |
| വിധവാപെൻഷൻ | 14881000 | 1352 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 26441470 | 2526 |
| വികലാംഗപെൻഷൻ | 3546200 | 308 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 300000 | 10 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 196600 | 16 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.06.17 രാവിലെ 10.05AM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,509/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ചെലവ് രേഖകളിലെ ബില്ലുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകളുടേയും രേഖകളുടേയും സൂക്ഷിപ്പ് തൃപ്തികരമാണ്. ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടങ്ങളിലെ ചട്ടം (13) പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ പൂർണമായും പാലിച്ചിട്ടില്ല. പ്രോജക്ട് രജിസ്റ്റർ (അസിസ്റ്റന്റ് എഞ്ചിനീയർ) എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ നിർവഹണാധികാരി വാർഷിക അവലോകന റിപ്പോർട്ട്, മെയിന്റനൻസ് പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മേൽ വിഷയങ്ങളിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.05.2017 മുതൽ 31.05.2017 വരെ | 1.02.2017 മുതൽ 30.04.2017വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.10.2005 മുതൽ | 1997-98 മുതൽ 2004-05 വരെ | 21.12.2005 |

| | | | |
|---|---|---|---|
| | | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 42,600/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പേര് | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | 78 | വൃദ്ധർക്കായുള്ള പകൽവീട് പൂർത്തീകരണം | 1600 | 2 | 3200 |
| 2 | 53 | മലവിള കോളനി റോഡ് ഓട നിർമ്മാണം | 1500 | 3 | 4500 |
| 3 | 58 | ഹരിഹരപുരം ആലുവിളപ്പുറം റോഡ് പാർശ്വഭിത്തി നിർമ്മാണം | 1400 | 5 | 7000 |

| | | | | | |
|---|---|---|---|---|---|
| 4 | 59 | മുത്തോട്ടിൻകര കോളനി റോഡ് മെറ്റലിംഗ് & ടാറിംഗ് | 1500 | 4 | 6000 |
| 5 | 61 | പാലവിള മാടൻനട റോഡ് റീ-ടാറിംഗ് | 1400 | 5 | 7000 |
| 6 | 67 | ചാമനടി റോഡ് മെയിന്റനൻസ് | 1100 | 2 | 2200 |
| 7 | 88 | പാളയംകുന്ന് എച്ച്.എസ് പുലിയത്ത്കോണം റോഡ് റീ-ടാറിംഗ് | 1100 | 3 | 3300 |
| 8 | 120 | തുമ്പിത്തൊടി വാട്ടർ സപ്ലൈ സ്കീം | 2000 | 1 | 2000 |
| 9 | 113 | പഞ്ചായത്ത് ഓഫീസ് സ്വരാജ് ബിൽഡിംഗ് പൂർത്തീകരണം | 2300 | 2 | 4600 |
| 10 | 114 | വട്ടവാൾ ചാവരുകാവ് റോഡ് മെയിന്റനൻസ് | 1400 | 2 | 2800 |
| ആകെ | | | | 29 | 42600 |

പ്രസ്തുത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ

സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഇലകമൺ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 1,10,466/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. വിശദാംശം ചുവടെ.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കോൺട്രാക്ടർ / കൺവീനർ | ഒടുക്കിയ തുക | ട്രഷറി / തീയതി |
|---|---|---|---|---|
| 1 | തെറ്റിക്കുഴി ഇലകമൺ എം.പി.എൽ.പി.എസ്. റോഡ് മെറ്റലിംഗ് & ടാറിംഗ് | സുമം | 5118 | STO,വർക്കല / 30.07.16 |
| 2 | കിഴക്കേപ്പുറം സെൻട്രൽ എൽ.പി.എസ്. റോഡ് മെറ്റലിംഗ് &ടാറിംഗ്(പാർട്ട് ബിൽ) | സിംബോയ് | 2175 | STO,വർക്കല / 30.07.16 |
| 3 | തെങ്ങ് വിള റോഡ് മെറ്റലിംഗ് & ടാറിംഗ് | സജീവ് | 7528 | STO,വർക്കല / 28.03.16 |
| 4 | പാണിൽ കോളനി യുവജന- വിജ്ഞാന കേന്ദ്രം | അനിയൻ | 4143 | STO,വർക്കല /19.09.16 |
| 5 | കിഴക്കേപ്പുറം സെൻട്രൽ എൽപി എസ് റോഡ് മെറ്റലിംഗ് & ടാറിംഗ്(ഫൈനൽ ബിൽ) | സിംബോയ് | 576 | STO,വർക്കല / 19.09.16 |
| 6 | കോടംവിള കോളനിയുടെ സൈഡ് വാൾ സംരക്ഷണം | അനിയൻ | 1889 | STO,വർക്കല / 13.12.16 |

| | | | | |
|---|---|---|---|---|
| 7 | പാളയംകുന്ന് മാർക്കറ്റിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | ബാജി | 4875 | STO,വർക്കല / 24.12.16 |
| 8 | സെൻട്രൽഎൽപിഎസ് കിഴക്കേപ്പുറം മെയിന്റനൻസ് | അനിൽകുമാർ | 1807 | STO,വർക്കല / 31.01.17 |
| 9 | പോക്കുറകോണം റോഡ് സൈഡ് വാൾ നിർമ്മാണം | വിജയകുമാർ | 738 | STO,വർക്കല / 21.02.17 |
| 10 | വില്ലിക്കടവ് മാടൻനട റോഡ് കോൺക്രീറ്റിംഗ് | വിജയകുമാർ | 1897 | STO,വർക്കല / 21.02.17 |
| 11 | കൃഷിഭവൻ ബിൽഡിംഗ് മെയിന്റനൻസ് | ഹാഷിം.എം | 1780 | STO,വർക്കല / 21.02.17 |
| 12 | തുംബല്ലൂർ ചാമനടി നടപ്പാത കോൺക്രീറ്റിംഗ് | സുദർശനൻ | 1483 | STO,വർക്കല / 27.02.17 |
| 13 | സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെ ക്യാബിൻ നിർമ്മാണം | അനിൽകുമാർ | 1522 | STO,വർക്കല / 7.03.17 |
| 14 | ബോഡി വർക്ഷോപ്പ് മേടയിൽ റോഡ് ഓട നിർമ്മാണം | അനിൽകുമാർ | 712 | STO,വർക്കല / 18.03.17 |
| 15 | ഇലകമൺ ഗവ. എം പി എൽപിഎസ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | നസീർ | 772 | STO,വർക്കല / 18.03.17 |

| | | | | |
|---|---|---|---|---|
| 16 | ഇ.പി കോളനി റോഡ് സൈഡ് വാൾ സംരക്ഷണം | കുട്ടപ്പൻ | 3763 | STO,വർക്കല / 18.03.17 |
| 17 | അയിരൂർ ഗവ.യുപിഎസ് മെയിന്റനൻസ് | നസീർ | 2565 | STO,വർക്കല / 27.03.17 |
| 18 | അയിരൂർ അംഗൻവാടി മെയിന്റനൻസ് | നസീർ | 2124 | STO,വർക്കല / 27.03.17 |
| 19 | കിഴക്കേപ്പുറം സെൻട്രൽ എൽപി എസ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | മിനി.എസ് | 2891 | STO,വർക്കല / 28.03.17 |
| 20 | പാണിൽ കോളനി യുവജന- വിജ്ഞാന കേന്ദ്രത്തിന്റെ പണി പൂർത്തീകരണം | അമ്മിണി | 1489 | STO,വർക്കല / 28.03.17 |
| 21 | ചിറ്റാറ്റ് റോഡ് ഓട നിർമ്മാണം | രാജേന്ദ്രൻ | 4380 | STO,വർക്കല / 28.03.17 |
| 22 | പള്ളിമുക്ക് സെന്റ് തോമസ് റോഡ് റീ-ടാറിംഗ് | തൃദീപ് | 3674 | STO,വർക്കല / 31.03.17 |
| 23 | പാലവിള മാടൻനട റോഡ് റീ-ടാറിംഗ് | തൃദീപ് | 5731 | STO,വർക്കല / 31.03.17 |
| 24 | ചാമനടി റോഡ് മെയിന്റനൻസ് | തൃദീപ് | 4206 | STO,വർക്കല / 31.03.17 |

| | | | | |
|---|---|---|---|---|
| 25 | ഹരിഹരപുരം ആലുവിളപ്പുറം റോഡ് സൈഡ് വാൾ നിർമ്മാണം | തുദീപ് | 5315 | STO,വർക്കല / 31.03.17 |
| 26 | കടവിൻകര ജനതാമുക്ക് റോഡ് റീ-ടാറിംഗ് | തുദീപ് | 3776 | STO,വർക്കല / 31.03.17 |
| 27 | ഹോമിയോ ഹോസ്പിറ്റൽ റോഡ് റീ-ടാറിംഗ് | തുദീപ് | 663 | STO,വർക്കല / 31.03.17 |
| 28 | തെറ്റിക്കുഴി വയൽ റോഡ് കോൺക്രീറ്റിംഗ് | തുദീപ് | 2972 | STO,വർക്കല / 31.03.17 |
| 29 | പോലീസ് മുക്ക് കല്ലായി റോഡ് റീ-ടാറിംഗ് | ശശിധരൻ | 4377 | STO,വർക്കല / 31.03.17 |
| 30 | പിഎച്ച്സി മെയിന്റനൻസ് | നസീർ | 3626 | STO,വർക്കല / 31.03.17 |
| 31 | ഇ.പി കോളനി റോഡ് സൈഡ് വാൾ നിർമ്മാണം | കുട്ടപ്പൻ | 3642 | STO,വർക്കല / 31.03.17 |
| 32 | ചാവരുകാവ് കോളനി റോഡ് കോൺക്രീറ്റിംഗ് | തുദീപ് | 3534 | STO,വർക്കല / 31.03.17 |
| 33 | മലവിളകോളനി റോഡ് ഓട നിർമ്മാണം | തുദീപ് | 5988 | STO,വർക്കല / 31.03.17 |

| | | | | |
|---|---|---|---|---|
| 34 | പാളയംകുന്ന് എച്ച്എസ് പുളിയത്ത് കോണം റോഡ് റീ-ടാറിംഗ് | ത്യദീപ് | 4512 | STO,വർക്കല / 31.03.17 |
| 35 | ചാരുംകുഴി റോഡ് റീടാറിംഗ് | ത്യദീപ് | 1474 | STO,വർക്കല / 31.03.17 |
| 36 | ഊന്നിൻമൂട് സാംസ്കാരിക നിലയം കോംപോണ്ട് വാൾ നിർമ്മാണം | രാജേന്ദ്രപ്രസാദ് | 647 | STO,വർക്കല / 31.03.17 |
| 37 | ഹോമിയോ ഹോസ്പിറ്റൽ മെയിന്റനൻസ് | വിജയകുമാർ | 2102 | STO,വർക്കല / 31.03.17 |
| ആകെ | | | 110466 | |

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 1,105/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു.

കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-3 തൊഴിൽ/സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

a)പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന രണ്ട് സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല.

1) ആമിന ഓഡിറ്റോറിയം

2) താജ്മഹൽ ഓഡിറ്റോറിയം

ഇവയിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

b) പഞ്ചായത്തിന്റെ പരിധിയിലുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ്, അയിരൂർ അഞ്ചുമൂർത്തി ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഈ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24, 19.06.17) തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തുന്നില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ.(അ)19/2011/തസ്വഭവ/ തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ. (സാധാ)നം.707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ച്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം)നികുതി ചുമത്തേണ്ടതാണ്.

പഞ്ചായത്തു പരിധിയിൽ നാല് മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുവെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7) മറുപടി നൽകിയത്. എന്നാൽ ഇവയിൽ നിന്നും ഈടാക്കേണ്ട നികുതിയേക്കാളും കുറഞ്ഞ നികുതിയാണ് ഈടാക്കുന്നത്. വിശദാംശം ചുവടെ.

| ക്രമ നം | ടവറിന്റെ വിവരം/ കെട്ടിട നം: | പ്ലിന്ത് ഏരിയ (ച.മീ) | ഈടാക്കേണ്ട കുറഞ്ഞ നികുതി(400 per $m^2$) | ഈടാക്കുന്ന നികുതി |
|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ (VI/996) | 12 | 4800 | 3840 |
| 2 | വൊഡാഫോൺ സെല്ലുലാർ (II/1240) | 12 | 4800 | 4320 |
| 3 | വൊഡാഫോൺ സെല്ലുലാർ (IV/1368A) | 12 | 4800 | 4320 |
| 4 | ഐഡിയ സെല്ലുലാർ (I/1254) | 10.82 | 4328 | 3840 |

പഞ്ചായത്തു പരിധിയിലുള്ള നാലു ടവറുകളുടേയും നികുതി കൃത്യമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ മാർഗരേഖ നിർദേശം പാലിക്കുന്നില്ല.

a) പാണിൽ കോളനി യുവജന വിജ്ഞാന വിനോദ കേന്ദ്രം എന്ന പ്രവൃത്തിക്ക് SO0110/16-17 പ്രകാരം 4,10,155/- രൂപയും SO079/17 പ്രകാരം 1,48,929/- രൂപയും എസ്.സി.പി ഫണ്ടിൽനിന്നും ചെലവഴിച്ച് സാംസ്കാരിക കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ വൈദ്യുതീകരണം, പ്ലംബിംഗ് വർക്കുകൾ എന്നിവയ്ക്ക് പ്രോജക്ടിൽ തുക ഉൾപ്പെടുത്തുകയോ സാംസ്കാരിക നിലയത്തിന് ആവശ്യമായ മറ്റ് അടിസ്ഥാന സൗകര്യം ഒരുക്കുകയോ ചെയ്തിട്ടില്ല. ഇത് സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്. (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ ജി.ഒ.(എം.എസ്) 362/13 ത.സ്വ.ഭ.വ. 16.11.13 (ഖ: XIV ബി&സി) പ്രകാരം എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും വിശദമായ എസ്റ്റിമേറ്റ്, സൈറ്റ്പ്ലാൻ, ഡ്രോയിംഗ്സ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവയും പ്രോജക്ടിനോടൊപ്പം ഉണ്ടായിരിക്കണമെന്നും കെട്ടിട നിർമ്മാണ പ്രോജക്ടുകളാണെങ്കിൽ ആ കെട്ടിടം ഉപയോഗിക്കാനായി എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തണമെന്നും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് ലംപ്സമായി തുക വകയിരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ നം.3-ന് ഫണ്ടിന്റെ അപര്യാപ്തതയാണ് മേൽ അപാകതകയക്ക് കാരണമെന്ന് അറിയിച്ചു.

വാർഷിക പദ്ധതിയുടെ തുകയിൽ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടുകളായി പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. ഭാവിയിൽ ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥയും ശ്രദ്ധിക്കേണ്ടതാണ്.

b) മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കിയിട്ടില്ല.

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ് 4/16 /തസ്വഭവ/11.01.2016/ 6.15(9) പ്രകാരം മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത്ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡിതര-റോഡ് ആസ്തികളുടെ സംരക്ഷണത്തിനോ അവയുടെ ഉപയോഗം വർധിപ്പിക്കുന്നതിനോ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനോ പ്രത്യക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

c) എസ്.സി.പി. നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ് 4/16 /തസ്വഭവ/11.01.2016/ 12.1(xvi) പ്രകാരം എസ്.സി.പി പ്രോജക്ടുകളുടെ നിർവഹണവും വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മറ്റി രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എസ്.സി. വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ. ഈ കമ്മിറ്റി മാസം തോറും യോഗം ചേർന്ന് പദ്ധതി നിർവഹണവും ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തുകയും പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് തദ്ദേശഭരണ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച

ചെയ്ത് ആവശ്യമെങ്കിൽ തുടർനടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

d) റോഡ് കണക്റ്റിവിറ്റി മേപ്പ് തയ്യാറാക്കിയിട്ടില്ല.

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ് 4/16 /തസ്വഭവ/11.01.2016/ 11.5(1)& 11.5(iii)പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും റോഡ് കണക്റ്റിവിറ്റി മേപ്പും പ്ലാനും നിർബന്ധമായും തയ്യാറാക്കുകയും റോഡ് നിർമ്മാണ പ്രോജക്റ്റിനോടൊപ്പം റോഡ് കണക്റ്റിവിറ്റി മേപ്പിൽ പ്രോജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവർത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമ്മർപ്പിക്കണമെന്നും നിർദേശമുണ്ട്. പ്രസ്തുത നിർദേശവും പാലിച്ചിട്ടില്ല. സർക്കാരിന്റെ നിർദ്ദേശം പാലിക്കാൻ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പാണിൽ കോളനി യുവജന വിജ്ഞാന വിനോദ കേന്ദ്രം - ഷെഡ് പൊളിച്ചു മാറ്റിയ ജി.ഐ ഷീറ്റ്, പൈപ്പ് എന്നിവയുടെ വില ഈടാക്കിയിട്ടില്ല

പ്രോജക്റ്റ് നം - S00110/16-17

അടങ്കൽ തുക - 4,95,000/-

ഫണ്ട് - വികസനഫണ്ട് (എസ്.സി.പി)

ബിൽ നം,തുക - 04/ae/lsgd/elk/16/19.09.16, 410155/-

എം ബുക്ക് നം - 63/15-16, 67/15-16

കൺവീനർ - അനിയൻ, തെങ്ങ് വിള വീട്, പുതുവൽ, കിഴക്കേപ്പുറം പി.ഒ.

നിർദ്ദിഷ്ട പ്രോജക്റ്റിന്റെ നിർവ്വഹണ വേളയിൽ പ്രസ്തുത സ്ഥലത്ത് സ്ഥാപിച്ചിരുന്ന ജി.ഐ ഷീറ്റും, പൈപ്പും കൊണ്ട് നിർമ്മിച്ച റേഡിയോ കിയോസ്ക് പൊളിച്ചുമാറ്റിയിട്ടുണ്ട്. പ്രസ്തുത വസ്തുക്കൾ അസിസ്റ്റന്റ് എഞ്ചിനീയർ 7,935/- രൂപ വാല്യവേഷൻ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കൺവീനറുടെ വേല മൂല്യത്തിൽ നിന്നും കുറവ് ചെയ്യുകയോ ഈടാക്കി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3-ന്, ബന്ധപ്പെട്ട കൺവീനറിൽനിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വസ്തുക്കളുടെ വിലയായ 7,935/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-3 കൺവീനറിൽനിന്നും പിഴ ഈടാക്കിയിട്ടില്ല

പ്രോജക്റ്റ് നം - S0048/16

പേര് - തെറ്റിക്കുഴി ഇലകമൺ എംപിഎൽപിഎസ് റോഡ് മെറ്റലിംഗ് & ടാറിംഗ്

നിർവ്വഹണം - ഗുണഭോക്തൃ സമിതി

കൺവീനർ - സുമ, റീത്തഭവൻ, ഇലകമൺ

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അടങ്കൽ തുക - 5,45,000/-

ചെലവ് - 5,06,729/-

ബിൽ നം. തീയതി - 01/AE/LSGD/ELK/16/30.07.16

എഗ്രിമെന്റ് നം. - 38/AE/LSGD/ELK/14-15/3.02.15

തെറ്റിക്കുഴി ഇലകമൺ എംപിഎൽപിഎസ് റോഡ് മെറ്റലിംഗ് & ടാറിംഗ് പ്രവൃത്തിക്ക് 3.02.15-ൽ തന്നെ വർക്ക് ഓർഡർ നൽകിയെങ്കിലും പണി ആരംഭിച്ചത് 4.04.15 നം പൂർത്തീകരിച്ചത് 24.03.16 ന മാണ്. നിയമാനുസൃതം മേൽ പ്രവൃത്തിയുടെ കാലതാമസത്തിന് കാരണം ഫയലിൽ രേഖപ്പെടുത്തുകയോ കൺവീനർ ദീർഘീകരണത്തിന് അസി. എഞ്ചിനീയർ മുഖാന്തിരം അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ കൺവീനറുടെ അനാരോഗ്യമാണ് പ്രവൃത്തി നീണ്ടു പോകാൻ കാരണം എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത മറുപടിയിൽ അത് സാധൂകരിക്കുന്നതിനുള്ള തെളിവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

കൺവീനറിൽനിന്നും ചുവടെ ചേർക്കും പ്രകാരം പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

പണി ആരംഭിച്ച തീയതി - 04.04.15

പൂർത്തീകരിക്കേണ്ട തീയതി - 03.08.15

പൂർത്തിയാക്കിയ തീയതി - 24.03.16

കേരള പൊതുമരാത്ത് വകുപ്പ് മാന്വൽ 2012 ഖണ്ഡിക 2112-1 പ്രകാരം ആദ്യതവണ (3മാസം)ഈടാക്കാനുള്ള പിഴ (അടങ്കൽ തുകയുടെ 1%)

545000x1/100 = 5450/-

പിന്നീടുള്ള സമയം (തുകയുടെ 2%) = 545000x2/100 = 10900/-

ആകെ ഈടാക്കാനുള്ള പിഴ - 16,350/-

## 3-4 പൊതുമരാത്ത് പ്രവൃത്തികൾ -ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിച്ചിട്ടില്ല.

കേരള സംസ്ഥാന ആസൂത്രണ ബോർഡ് 1999-ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ സർക്കുലർ നമ്പർ 1/1559/2010/സി.ഇ/തസ്വഭവ. തീയതി 13.11.14പ്രകാരം പൊതുമരാത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

എ) പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത അംഗീകൃത ബാങ്കിൽ ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളൂ.

ബി) പ്രവൃത്തിക്ക് വേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, വേതന നിരക്ക്, ഹാജർ മുതലായവ അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ സൂക്ഷിക്കേണ്ടതും ആഴ്ചയുടെ അവസാന ദിവസം തൊഴിലാളികളുടെ ഒപ്പും തീയതിയും വച്ച് വേതനം നൽകേണ്ടതുമാണ്. മസ്റ്റർ റോളിന്റെ അവസാന ഭാഗത്ത് ചെയർമാനും കൺവീനറും തീയതി വച്ച് ഒപ്പിടണം

സി) പ്രവൃത്തിക്ക് ആവശ്യമായ എല്ലാ നിർമ്മാണ സാധനങ്ങളും ന്യായവും സ്വീകാര്യവുമായ കൺവീനർ വരവ് ചെലവ് കണക്ക് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടി വേണം നിർവ്വഹണോദ്യോഗസ്ഥന് സമർപ്പിക്കേണ്ടത്. പ്രസ്തുത കണക്കിന്റെ അടിസ്ഥാനത്തിൽ വേണം പ്രവൃത്തിയുടെ മൂല്യം കണക്കാക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-5 അസി. സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി അപാകതകൾ

പദ്ധതി നം പേര് : SOO 31/17 - ആശ്രയ പദ്ധതി

അടങ്കൽ തുക : 1,75,000/- വികസനഫണ്ട്

ചെലവ് തുക : 1,75,000/-

ബിൽ നം തീയതി : 10/2016-17, 30.01.17, 12,500/-

13/2016-17, 17-12-16, 25,000/-

16/2016-17, 25-02-17, 50,000/-

18/2016-17, 10-03-17, 75,000/-

23(1)/2016-17/26.03.17, 12,500/-

അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച പദ്ധതികളിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ആനുകൂല്യംകൈപ്പറ്റിയ ദിനേശ്, മാളൂട്ടത്തിൽ വീട് എന്ന വ്യക്തി ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

2) പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

3) ആനുകൂല്യം കൈപ്പറ്റിയ ഏഴ് ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവിന്റെ( ശാരദ) അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) ക്യാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16, 17.06.2017) നൽകിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കുലർ നം.34704/ഡിപി-1/03/തസ്വഭവ. 30.07.01 പ്രകാരം ഗ്രാമസഭ അംഗീകരിച്ച

ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വരുത്താൻ പാടില്ല. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകിയ 25,000/- രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിലനിൽക്കുന്നു. അതോടൊപ്പം മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 1,50,000/- രൂപ (175000-25000) തടസ്സപ്പെടുത്തുന്നു.

രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-രേഖകൾ ഹാജരാക്കിയിട്ടില്ല

പദ്ധതി നം - SO 99/17

അടങ്കൽ തുക - 1092000/-

ചെലവ് തുക - 1092000/-

ബിൽ നം, തീയതി - 7/2016-17, 30-12-16, 50000/-

11/2016-17, 17-02-17, 175000/-

12/2016-17, 17-02-17, 450000/-

15/2016-17, 24-02-17, 50000/-

17/2016-17, 10-03-17, 250000/-

25/2016-17, 26-03-17, 117000/-

നിർവഹണ ഉദ്യാഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

a) പദ്ധതി ഫയലിൽ 7 ഗുണഭോക്താക്കളുടെ പ്രവർത്തിയുമായി ബന്ധപ്പെട്ട ഓവർസീയറുടെ വാലുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

b) മൂന്ന് അപേക്ഷകളിൽ അപേക്ഷകന്റെ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

വിശദാശം ചുവടെ,

1) കൃഷ്ണകുമാരി, അജിത്ത് ഭവൻ, പാണിൽ, ഹരിഹരപുരം

2) ഷിബുകുമാർ, എസ്.ആർ നിവാസ്, കിഴക്കേപ്പുറം

3) സീന, പുന്നവിളവീട്, പാളയംകുന്ന്

4) ലേഖ, കല്ലുഴി വീട്, ഇലകമൺ

5) ഷീജ, കൊടിവച്ച വിള, കുളത്തറ

6) അർച്ചന, കല്ലുവിളാകം, അയിരൂർ

7) ഷീജ, പെരുമാൾസദനം, ചാരുംകുഴി

c) പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

d) ക്യാഷ്ബുക്ക്, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം17, 17.06.2017) രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ 7 ഗുണഭോക്താക്കൾക്ക് ചെലവഴിച്ച 1,75,000/- രൂപ (25000 x 7) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 3-7 ലാപ്ടോപ്പ് വിതരണം ചെയ്യാതെ അവശേഷിക്കുന്നു

പദ്ധതി നം പേര് : SO0124/17 പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ തുക : 7,00,000/- വികസനഫണ്ട്

ചെലവ് തുക : 2,99,460/-

ബിൽ നം തീയതി : 26/16-17, 31.03.17

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന 28 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നടത്തുക എന്നതായിരുന്നു അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. 2,99,460/ രൂപ ചെലവഴിച്ച് 14 ലാപ്ടോപ്പുകൾ വാങ്ങി. അവയിൽ 13 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. ഒരു ലാപ്ടോപ്പ് വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23, 19.06.17) അർഹതയുള്ള 14 ഗുണഭോക്താക്കൾക്ക് വേണ്ടി 14 ലാപ്ടോപ്പ് വാങ്ങിയെങ്കിലും ഒരാൾ പഠനം നിർത്തിയതിനാൽ വിതരണം ചെയ്യാൻ കഴിഞ്ഞില്ലായെന്നും ഈ വിവരം ഭരണസമിതിയെ ബോധ്യപ്പെടുത്തി ഗ്രാമസഭയിലൂടെ അർഹതയുള്ള ഗുണഭോക്താവിനെ തെരഞ്ഞെടുത്ത് ലാപ്ടോപ്പ് വിതരണം നടത്തുന്നതാണെന്ന് മറുപടി നൽകി.

ഈ വിഷയത്തിന്റെ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 മരുന്ന് വാങ്ങൽ പദ്ധതി -ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല

1)പദ്ധതി നം പേര് : SO028/17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ തുക : 1,00,000/-

ചെലവ് തുക : 1,00,000/- മെയിന്റനൻസ് ഫണ്ട്(റോഡിതരം)

ബിൽ നം തീയതി : 1/2016-17

2)പദ്ധതി നം പേര് : SO 127/17ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ തുക : 2,50,000/-

ചെലവ് തുക : 2,50,000/- മെയിന്റനൻസ് ഫണ്ട് റോഡിതരം

ബിൽ നം. തീയതി : 3/2016-17, 17-12-16

ക്രമ നം (1) പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി 1ലക്ഷം രൂപ ഹോംകോയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകി. എന്നാൽ ഇതുവരെ ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമായിട്ടില്ല.

ക്രമ നം (2) പ്രകാരംആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 2,50,000/- രൂപ പിൻവലിച്ച് ആയുർവേദ മരുന്ന് വിതരണ സ്ഥാപനമായ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. ഇതുവരെ 1,40,743/- രൂപയുടെ മരുന്നുകളാണ് ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ളത്. 1,09,257/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല.

ഈ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no.1/ 12.06.2017), (no.2/12.06.2017) മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്റെ തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 പാലിയേറ്റീവ് പരിചരണം പദ്ധതി- അപാകതകൾ

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം പദ്ധതിയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) പാലിയേറ്റീവ് പരിചരണം പദ്ധതിയ്ക്കായി 2,01,964/- രൂപ പിൻവലിച്ച് മരുന്ന് വിതരണ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്(KMSCL) കൈമാറിയിട്ടുണ്ട്. ഇതുവരെ 1,94,540/- രൂപയുടെ മരുന്നുകളാണ് കോർപ്പറേഷനിൽ നിന്നും ലഭിച്ചിട്ടുള്ളത്. 7,424/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല.

2)പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015, GO(Rt) 3217/LSGD 29-10-2015 ഖണ്ഡിക 2.3.2 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ പി.എം.സി. മീറ്റിംഗ് കൂടി സ്ഥിതിഗതികൾ വിലയിരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം ആകെ രണ്ട് മീറ്റിംഗുകളാണ് കൂടിയിട്ടുള്ളത്.

3) ജി.ഒ(പി)177/2006 ധനം ഖ. 18.2പ്രകാരം നിർവഹണ ഉദ്യാഗസ്ഥർ ടി.ആർ 7 Aക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തണം. അപ്രകാരമുള്ള ക്യാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല. ഈ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no.11/16.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാതകൾക്ക് വിശദീകരണം നൽകേണ്ടതും മേൽ സൂചിപ്പിച്ച മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്

## 3-10 വി.ഇ.ഒ. യുടെ അക്കൗണ്ടിൽ അധികമായി അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ആരംഭിച്ച ബാങ്ക് പാസ്ബുക്കിൽ നിലവിൽ (15-06-2017) 1,13,056/- രൂപയുടെ ബാലൻസ് കാണുന്നു. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സംബന്ധിച്ച വിശദാംശം, പ്രസ്തുത തുക ഏത് പ്രോജക്ടിനു വേണ്ടി അനുവദിച്ചതാണെന്നുമുള്ള വിവരങ്ങൾ, തുക ചെലവഴിക്കാതെ അവശേഷിക്കാനുണ്ടായ

സാഹചര്യം എന്നിവ വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no.9/16.06.2017)ലഭിച്ച മറുപടിയിൽ ഒ.ഡി.എഫ്. പദ്ധതിപ്രകാരം ശുചിത്വ മിഷനിലിൽ നിന്നും ലഭിച്ച 26,79,600/- രൂപയിൽ 2 ഗുണഭോക്താക്കൾക്ക് 3,400/-രൂപ വച്ച് 6,800/-രൂപ നല്കാനുണ്ടെന്നും അവ ഉടൻ ഗുണഭോക്താക്കൾക്ക് നല്കുന്നതാണെന്നും അറിയിച്ചു. അവശേഷിക്കുന്ന ബാക്കി തുക രൂപ ശുചിത്വ മിഷനിലിൽ തിരിച്ചടയ്ക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക 2 ഗഡുക്കളായി ലൈബ്രറി കൗൺസിലിനു അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടയക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണ് (സർക്കുലർ നം. 10088/L3/05/ത.സ്വ.ഭ.വ. 20.09.2005). 2016-17 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടുള്ള തുകയായ 1,24,148/- രൂപയിൽ നിന്നും ആദ്യ ഗഡുവായ 62,074/- രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല.

പ്രസ്തുത തുക അടവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഏജൻസി മുഖേന പത്രപ്പരസ്യങ്ങൾ നൽകിയതിനാൽ ഈ ആനുകൂല്യം പ്രയോജനപ്പെട്ടുത്തിയില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | പരസ്യത്തിന്റെ വലിപ്പം($cm^2$), നിരക്ക്/$cm^2$, തീയതി | നൽകിയ തുക | ചെക്ക് /ബിൽ നം തീയതി |
|---|---|---|---|
| കേരള കൗമുദി | 40(@ 270), 10.09.2016 | 10800/- | 839182/16.12.2016 |
| | 15.2(@ 270), 13.10.2016 | 4104/- | |
| | 26.6(@300),19.11.2016 | 7980/- | |

| | | | |
|---|---|---|---|
| കേരള കൗമുദി | 26.6(@255), 08.01.2017 | 6783 | 838914/ 10.02.2017 |
| | 32 (@300), 09.12.2016 | 9600/- | |
| ആകെ | | 39267/- | |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 5890.05 / രൂപ (39267 x15%) പരസ്യച്ചെലവിനത്തിൽ കുറവുണ്ടാകുമായിരുന്നു എന്നത് തുടർ നടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് ഫണ്ടിൽ നിന്നും ഇപ്രകാരം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-13 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 230 |
| 2016-17സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 1358 |
| 2016-17സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1358 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | - |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 305 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 280 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 428 |

| | |
|---|---|
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 127 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 93 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 68714 |
| ലേബർ കംബോണന്റ് | 20104326 |
| ആകെ വരവ് | 831451 |
| ആകെ ചെലവ് | 830747 |
| Efms പ്രകാരമുള്ള വരവ് | 20683033 |
| Efms പ്രകാരമുള്ള ചെലവ് | 20683033 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 748/17 | 1205000/- | 1205000/- | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013–14 | 3(7) | 540/- | ശ്രീമതി. ശ്രീലേഖ.എൽ.എച്ച്. അസിസ്റ്റന്റ് സെക്രട്ടറി. | 11602100961 28.06.16 |
| 2013–14 | 3(7) | 540/- | ശ്രീ. സന്തോഷ്.പി സീനിയർ ക്ലർക്ക് | 11602101043 04.07.16 |
| 2013–14 | 3(7) | 650/- | ശ്രീ. അജിത്ത് കുമാർ, ക്ലർക്ക് | 11602101106 11.07.16 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-1 | 2006-07 | 3-1-2 | തെറ്റിവിള-കരിയറത്തല കുളക്കോട്ടുകോണം ലിങ്ക് റോഡ് അധിക നിരക്ക് നഷ്ടം 1,31,77/-രൂപ | സർചാർജ് നടപടി തുടരുന്നു |
| 2003-04 | 3-4 | 2006-07 | 3-1-2 | ആറാട്ടുകടവ്-കോളനി റോഡ് സൈഡ് വാൾ നിർമ്മാണം അധിക നിരക്ക് നഷ്ടം 3,412/-രൂപ | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2003-04 | 3-2 | 2006-07 | 3-1-3 | മാത്തൂർക്കോണം ചാനൽക്കര റോഡ് നഷ്ടം 4,000/-രൂപ | തുക തിരിച്ചടച്ചു ചെലാൻ നം.130 തീയതി, 24.03.2009 |
| 2003-04 | 3-3 | 2006-07 | 3-1-3 | എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം നഷ്ടം 72,000/-രൂപ | തുക തിരിച്ചടച്ചു ചെലാൻ നം:92 തീയതി: 27.05.2014 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55634562.43 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45405949.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25000.00 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 325000.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 25000 | ശ്രീ. വി.എൻ. സജി,<br>അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1,50,000/- | ശ്രീ. വി.എൻ. സജി, അസി. സെക്രട്ടറി |
| 3-6 | 1,75,000/- | ശ്രീ. വി.എൻ. സജി, അസി. സെക്രട്ടറി |
| ആകെ | 3,25,000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. വി.എൻ. സജി | അസിസ്റ്റന്റ് സെക്രട്ടറി<br>പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് | തേജസ്സ്, ചെങ്കോട്ടുകോണം,<br>ചെമ്പഴന്തി. പി.ഒ. |

ഓഡിറ്റ് ഇമ്പാക്ട്

2016-2017ലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുകയായ 500/- രൂപയും പിഴ പലിശയും 117021000826/16.6.17 രസീത് പ്രകാരം അടച്ച (ഓഡിറ്റ് എൻക്വയറി 8).

| ഉദ്യോഗസ്ഥന്റെ പേര് | സ്ഥാപനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|
| റിജി. ജെ. | സെന്റ്തോമസ് യു.പി.എസ്, ഹരിഹരപുരം | 2500 (രണ്ട് അർദ്ധവർഷം) | 2000 | 500 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | K.S.A.T.V.M/GP7/1230/2015 Dated.23.09.15 | 2 | |
| 1999-2000 | K.S.A.T.V.M/GP7/1230/2015 Dated. 23.09.15 | 3 | |
| 2001-02 | K.S.A.T.V.M/GP7/1230/2015 Dated. 23.09.15 | 1 | |
| 2003-04 | K.S.A.T.V.M/GP7/1230/2015 Dated. 23.09.15 | 4 | |
| 2004-05 | K.S.A.T.V.M/GP7/1230/2015 Dated. 23.09.15 | 8 | |
| 2005-06 | K.S.A.T.V.M/GP7/1230/2015 Dated. 23.09.15 | 6 | |
| 2006-07 | K.S.A.T.V.M/GP7/1222/2008 Dated. 23.06.14 | 6 | |

| | | | |
|---|---|---|---|
| 2007-08 | K.S.A.T.V.M/GP7/1219/2009 Dated. 23.06.14 | 11 | |
| 2008-09 | K.S.AT.V.M/GP7/2742/2011 Dated. 23.06.14 | 3 | |
| 2009-10 | K.S.AT.V.M/GP7/2243/2011 Dated. 23.06.14 | 4 | |
| 2010-11 | K.S.AT.V.M/GP7/998/2013 Dated. 06.07.13 | 12 | |
| 2011-12 | K.S.AT.V.M/GP7/1359/2013 Dated. 17.09.14 | 7 | |
| 2012-13 | K.S.AT.V.M/GP7/227/2014Dated. 08.07.14 | 7 | |
| 2013-14 | K.S.AT.V.M/GP7/57/2016 Dated. 14.01.16 | 14 | |
| 2014-15 | K.S.AT.V.M/GP7/1380/2016 Dated. 03.08.16 | 9 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1720/2016 തീയതി: 31.10.2016 | 13 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം -1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2016–17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2016–17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധം

ന്യൂനതകളുടെസംഗ്രഹം

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സുചിത്ര സോഫ്റ്റ് വെയർ പഞ്ചായത്തിന്റെ വാർഷിക കണക്കുകളുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദേശം പ്രാവർത്തിക മാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ പൂർണമായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.വാർഷിക ധനകാര്യ പത്രികയിൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് മൈനസ് കാണിക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.